മലപ്പുറം ജില്ലയിൽ സ്വന്തമായി കെട്ടിടമില്ലാത്ത പോലീസ് സ്റ്റേഷനുകൾ

161 (7724) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി കെട്ടിടമില്ലാത്ത എത്ര പോലീസ് സ്റ്റേഷനുകളുണ്ടെന്ന് വിശദമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിൽ എത്ര പോലീസ് സ്റ്റേഷനുകൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) ഇവയ്ക്ക് കെട്ടിടമുണ്ടാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത 81 പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്.

(ബി) മലപ്പുറം ജില്ലയിൽ 10 പോലീസ് സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിടമില്ല.

(സി & ഡി) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന മുഴുവൻ പോലീസ് സ്റ്റേഷനുകൾക്കും ഭൂമി ലഭ്യമാക്കി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

കോങ്ങാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

162 (7725) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോങ്ങാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) പുതിയ പോലീസ് സ്റ്റേഷന് എന്ന് തറക്കല്ലിടാനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ-സി) കോങ്ങാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതിക്കായി സംസ്ഥാന പോലീസ് മേധാവി ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിഗോധിച്ചുവരുന്നു.

483/2016

LIBRARY ARCHIVES Kerala Legislative Assembly